പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 113 — 27.02.2017 ൽ മറുപടിക്ക്

## ശബരിമലയ്ക്കടുത്ത് വിമാനത്താവളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം: | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ശബരിമല തീർത്ഥാടകർക്കും നാട്ടുകാർക്കും ഒരുപോലെ പ്രയോജനം ചെയ്യുംവിധം ശബരിമലയ്ക്കടുത്ത് ഒരു വിമാനത്താവളം സ്ഥാപിക്കുമെന്ന സംസ്ഥാന സർക്കാരിന്റെ തീരുമാനം നടപ്പാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ ഇതേവരെ സ്വീകരിച്ചിട്ടുണ്ട്; ഇവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21.02.2017 ലെ ഉത്തരവ് പ്രകാരം തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) നെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ